**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2586** **12/02/2020 ൽ മറുപടിക്ക്**

**<u>ദേവസ്വം ബോർഡിന് കീഴിലെ താല്ക്കാലിക നിയമനങ്ങൾ</u>**

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | താല്ക്കാലിക നിയമനങ്ങൾ നടത്തുവാൻ പാടില്ലായെന്ന നിർദ്ദേശം ലംഘിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസ്, ശബരിമല മാസ്റ്റർ പ്ലാൻ ഓഫീസ് എന്നിവിടങ്ങളിൽ താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്ഥിര നിയമനം നടക്കാതെ വന്നിട്ടുള്ള സാഹചര്യത്തിൽ ആഫീസ് ജോലികളുടെ നടത്തിപ്പിനായി താത്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളതായും ദേവസ്വം റിക്രൂട്ടമെന്റ് ബോർഡിൽ നിന്നും സ്ഥിരം ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് താത്കാലിക ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി ആഫീസിന്റെ പ്രവർത്തനത്തിന് സ്റ്റാഫ് പാറ്റേൻ തയ്യാറാക്കി പോസ്റ്റുകൾ അനുവദിച്ചിട്ടില്ല. ആയതിനാൽ ഉന്നതാധികാര സമിതിയുടെ തീരുമാന പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിലാണ് താല്ക്കാലിക നിയമനങ്ങൾ നടത്തിയതെന്നും, എത്ര പേരെ ഓരോ വിഭാഗത്തിലും നിയമിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | **<u>ദേവസ്വം ബോർഡ് പ്രസ്സ്</u>**<br>(ദിവസ വേതനം)<br>ബൈൻഡർ-1<br>നമ്പറിംഗ് സ്റ്റാഫ്-1<br>ഡി.റ്റി.പി. ഓപ്പറേറ്റർ-1 |

| | | | |
|---|---|---|---|
| | | | **ശബരിമല മാസ്റ്റർ പ്ലാൻ ഓഫീസ്**<br>(കോൺട്രാക്ട് അടിസ്ഥാനത്തിൽ)<br>പ്രോജക്ട് മാനേജർ-1<br>അസിസ്റ്റന്റ് എഞ്ചിനീയർ-1<br>ഫിനാൻസ് ആഫീസർ-1<br>കമ്പ്യൂട്ടർ ഓപ്പറേറ്റർ-1<br>വർക്ക് സൂപ്പർവൈസർ-3 |
| (സി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് താല്ക്കാലിക നിയമനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകിയിട്ടുണ്ടോ? | (സി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് താത്കാലിക നിയമനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞിട്ടില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ